(ബി) ഇത് സംബന്ധിച്ച് അന്വേഷിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) ഇത്തരം സോൾവൻസി സർട്ടിഫിക്കറ്റ് ഉപയോഗിച്ച് എത്രപേർ ഷോപ്പു ലേലത്തിൽ പിടിച്ചിട്ടുണ്ടെന്ന് അറിവുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) അങ്ങനെയുള്ളവരിൽ നിന്നും സോൾവൻസി സർട്ടിഫിക്കറ്റിന് അർഹതയുള്ള തുക കഴിഞ്ഞുള്ള തുകയ്ക്ക് കൂടി സെക്യൂരിറ്റി വയ്പിക്കാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇത് ശ്രദ്ധയിൽപ്പെട്ട ഉടനെ അതിനെക്കുറിച്ച് അന്വേഷിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) അന്വേഷണം പുരോഗമിച്ചു വരുന്നു. വിശദാംങ്ങൾ ലഭ്യമാക്കുന്ന മുറയ്ക്ക് മാത്രമേ വെളിപ്പെടുത്തുവാൻ സാധിക്കുകയുള്ളു.

(ഡി) അന്വേഷണ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

62 (586) സർക്കാർ ഏറ്റെടുത്ത മിച്ചഭൂമി

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാന സർക്കാർ ഏറ്റെടുത്ത മിച്ചഭൂമിയിൽ വിതരണം ചെയ്യാൻ ബാക്കിയുണ്ടോ; ഉണ്ടെങ്കിൽ വിസ്തീർണ്ണം വ്യക്തമാക്കുമോ;

(ബി) മാങ്കുളം ലക്ഷ്മി ടീ എസ്റ്റേറ്റിൽ നിന്നും മിച്ചഭൂമി ഏറ്റെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏറ്റെടുത്ത മിച്ചഭൂമിയുടെ വിസതീർണ്ണം വ്യക്തമാക്കുമോ;

(സി) ഈ ഭൂമിയിൽ വിതരണം ചെയ്യാൻ ബാക്കിയുള്ള ഭൂമിയുടെ വിസ്തീർണ്ണം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഏറ്റെടുത്തതിൽ വിതരണത്തിന് ബാക്കിയുള്ളത് 10982 ഏക്കർ ഭൂമിയാണ്. ഇതിൽ 4524 ഏക്കർ സ്റ്റേയിലും 5253 ഏക്കർ വനഭൂമി അന്യ കൈവശ തർക്കത്തിലുമാണ്.

(ബി) ഉണ്ട്. ഏറ്റെടുത്ത മിച്ചഭൂമിയുടെ വിസ്തീർണ്ണം 807.67.765 ഏക്കർ ആണ്.

(സി) ഇതിൽ നിന്ന് ഭൂമി വിതരണം നടത്തിയിട്ടില്ല.

63 (587) റവന്യൂ കാർഡിൽ മറ്റു സ്ഥലങ്ങളിൽ താമസിക്കുന്നവരുടെയും പേരു ചേർക്കാൻ നടപടി

ശ്രീ. സി.ടി. അഹമ്മദ് അലി :

ശ്രീ. കെ. കുട്ടി അഹമ്മദ്കുട്ടി :

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ചെർക്കളം അബ്ദുള്ള : താഴെകാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ കാർഡിനുള്ള അപേക്ഷാഫാറത്തിൽ വീട്ടിൽ കൂടെ താമസിക്കുന്ന മക്കളുടെ പേരു മാത്രമേ ചേർക്കാവു എന്ന നിബന്ധനയുണ്ടോ;

(ബി) ജോലിയായോ ജോലി തേടിയോ അന്യസംസ്ഥാനങ്ങളിലോ വിദേശത്തോ ഇപ്പോൾ താമസിച്ചു പോരുന്ന മക്കളുടെയും കുടുംബാംഗങ്ങളുടെയും പേര് ഉൾപ്പെടുത്തുവാൻ അനുമതിയുണ്ടോ;

(സി) ഇല്ലെങ്കിൽ കൂടെ താമസിക്കുന്ന മക്കളില്ലെങ്കിൽ അമ്മക്കും അച്ഛനും സന്താനങ്ങളുണ്ടെന്ന് തെളിയിക്കാൻ റവന്യൂകാർഡ് ഉപകരിക്കുകയില്ലെന്ന കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതു പരിഹരിക്കാൻ അവരുടെ പേരുകളും അവർ എവിടെയാണെന്നും കാർഡിൽ കാണിക്കാൻ അനുവാദം നൽകുമോ?

ഉത്തരം

(എ) റവന്യൂകാർഡ് നൽകുന്നത് കുടുംബങ്ങൾക്കാണ്. 'കുടുംബം' എന്നാൽ ഭാര്യയും ഭർത്താവും അവരോടൊപ്പം അവരെ ആശ്രയിച്ചു താമസിക്കുന്ന അവരുടെ മാതാപിതാക്കളും, കുട്ടികളും എന്നാണ്, റവന്യൂ കാർഡ് ആക്ടിൽ നിർവചിച്ചിട്ടുള്ളത്. കൂടെ താമസിക്കുന്ന മക്കളുടെ പേരു മാത്രമേ ചേർക്കാവു എന്ന നിബന്ധനയില്ല.

(ബി) വിദേശത്ത് ജോലി ചെയ്യുന്നയാൾ കുടുംബത്തിന്റെ നിർവചനത്തിനുള്ളിൽ വരുന്നതാണെങ്കിൽ അദ്ദേഹത്തിന്റെ പേര് ചേർക്കാവുന്നതാണ്. കൂടാതെ സംസ്ഥാനത്തിനു വെളിയിൽ ദീർഘനാളായി താമസിക്കുന്നവർ അവർ സ്ഥിരമായി താമസിക്കും എന്ന ലക്ഷ്യത്തോടുകൂടി സംസ്ഥാനത്തു തിരിച്ചെത്തി 30 ദിവസത്തിനകം റവന്യൂ കാർഡിനുള്ള അപേക്ഷ തഹസീൽദാർക്ക് നൽകേണ്ടതാണ്.

(സി) കുടുംബങ്ങളുടെ വിവരങ്ങൾ കാണിക്കുന്ന രേഖയാണ് റവന്യൂ കാർഡ്. മക്കൾ കുടുംബമായി വേറെ താമസിക്കുകയാണെങ്കിൽ അവർക്ക് വേറെ റവന്യൂ കാർഡ് ലഭിക്കുന്നതാണ്.

(ഡി) ബാധകമല്ല.

64 (588) **ഒറ്റി വസ്തുവിന്റെ പകുതി ഒഴിപ്പിച്ചെടുക്കാനുള്ള അപേക്ഷ**

ശ്രീ. ബി. വിജയകുമാർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) അൻപതു വർഷമോ അതിലധികമോ പഴക്കമുള്ള ഒറ്റി വസ്തുവിന്റെ പകുതി ഒഴിപ്പിച്ചെടുക്കുവാൻ അപേക്ഷ നല്കുവാൻ 1-1-1970 മുതൽ 30-6-1970 വരെ സർക്കാർ സമയം അനുവദിച്ചിരുന്നത് പ്രകാരം തിരുവനന്തപുരം ജില്ലയിൽ നിന്ന് എത്ര പേർ സമയപരിധിക്കുള്ളിൽ അപേക്ഷ നല്കി;

(ബി) ഇതിൽ എത്ര അപേക്ഷയിന്മേൽ നടപടി പൂർത്തിയാക്കി; എത്രയെണ്ണം ശേഷിക്കുന്നുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly